# പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.723 — 20.03.2013-ൽ മറുപടിയ്ക്ക്

## കേരള സംസ്ഥാന സ്വതന്ത്ര ഫിസിയോതെറാപ്പി കൗൺസിൽ രൂപീകരണം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. ജി. സുധാകരൻ | | ശ്രീ. വി.എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) | |
| (എ) | കേരള സംസ്ഥാന സ്വതന്ത്ര ഫിസിയോതെറാപ്പി കൗൺസിൽ രൂപീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; | (എ) | ഈ ആവശ്യം ഉന്നയിച്ച് കേരള സ്റ്റേറ്റ് ഫിസിയോതെറാപ്പിസ്റ്റ് കോ-ഓർഡിനേഷൻ സ്റ്റേറ്റ് കമ്മിറ്റി സർക്കാരിന് നൽകിയ നിവേദനം ബഹു.കേരള ഹൈക്കോടതി വിധിയുടെ കൂടി പശ്ചാത്തലത്തിൽ സർക്കാർ വിശദമായി പരിശോധിക്കുകയും ടി ആവശ്യം അംഗീകരിക്കുവാൻ നിർവ്വാഹമില്ലെന്ന് 13/06/12-ൽ ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. എന്നാൽ ഇന്ത്യൻ അസോസിയേഷൻ ഓഫ് ഫിസിയോ തെറാപ്പിസ്റ്റ് കേരള ചാപ്റ്റർ കൺവീനർ ശ്രീ.ജിം ഗോപാലകൃഷ്ണൻ ടി ഉത്തരവ് പിൻവലിക്കണമെന്ന് ആവശ്യപ്പെട്ട് ഫയൽ ചെയ്ത റിട്ട് ഹർജി പരിഗണിച്ച് ടി ഉത്തരവ് ബഹു.കേരള ഹൈക്കോടതി സ്റ്റേ ചെയ്തിരിക്കുകയാണ്. ടി ഹർജിയ്ക്ക് പുറമെ ശ്രീ.സതീഷ്.കെ.തോമസ്, കേരള സ്റ്റേറ്റ് ഫിസിയോതെറാപ്പിസ്റ്റ് കോ-ഓർഡിനേഷൻ കേരള സ്റ്റേറ്റ് എക്സിക്യൂട്ടീവ് കമ്മിറ്റി എന്നിവരും ഉത്തരവ് പിൻവലിക്കണമെന്ന് ആവശ്യപ്പെട്ട് ഹൈക്കോടതിയിൽ റിട്ട് ഹർജികൾ ഫയൽ ചെയ്തിരിക്കുകയാണ്. |
| (ബി) | ഫിസിയോ തെറാപ്പി ബിരുദ കോഴ്സുകൾ നടത്തുന്ന എത്ര കോളേജുകളുണ്ട്; അവയിൽ നിന്നും കോഴ്സ് പൂർത്തിയാക്കി പ്രതിവർഷം എത്ര വിദ്യാർത്ഥികൾ പുറത്തുവരുന്നു; | (ബി) | ഒരു സർക്കാർ നിയന്ത്രിത സ്വാശ്രയ കോളേജിലും നാല് സ്വകാര്യ സ്വാശ്രയ കോളേജുകളിലും ഫിസിയോ തെറാപ്പി ബിരുദ കോഴ്സ് നടത്തുന്നുണ്ട്. പ്രതിവർഷം 170 ഓളം വിദ്യാർത്ഥികൾ ടി കോഴ്സ് പൂർത്തിയാക്കുന്നുണ്ട്. |
| (സി) | ഫിസിയോ തെറാപ്പി ചികിത്സകരുടെ അടിസ്ഥാന യോഗ്യത നിശ്ചയിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ; | (സി) | ഫിസിയോ തെറാപ്പിയിൽ ബിരുദമുള്ളവരെയോ പ്രീഡിഗ്രിക്കു ശേഷം ഫിസിയോ തെറാപ്പിയിൽ ഡിപ്ലോമ നേടിയവരെയോ പ്രീഡിഗ്രിക്കു ശേഷം സായുധ സേനകളിൽ നിന്ന് ഫിസിയോ തെറാപ്പി പരിശീലനം പൂർത്തിയാക്കിയവരെയോ ആണ് ഫിസിയോ തെറാപ്പിസ്റ്റുമാരായി നിയമിക്കുന്നത്. |
| (ഡി) | ഫിസിയോ തെറാപ്പിസ്റ്റുകളുടെ സ്വതന്ത്ര പ്രാക്ടീസ് അനുവദിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; കാരണം വ്യക്തമാക്കുമോ? | (ഡി) | ഈ വിഷയം ബഹു.ഹൈക്കോടതിയുടെ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ